# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.836 28.04.2017 ലെ മറുപടിയ്ക്ക്**

**റാന്നി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റാന്നി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിരുന്നത്; ഇതിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; കരാർ പ്രകാരം നിർമ്മാണം എന്ന് പൂർത്തിയാക്കേണ്ടതായിരുന്നു; | (എ) റാന്നി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 622 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഇതിന്റെ നിർമ്മാണം 15.11.2010 ൽ ആരംഭിച്ചു. കരാർ പ്രകാരം 14.02.2012 ൽ നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. അത് 31.07.2014 വരെ കാലാവധി നീട്ടി അനുവദിച്ചിരുന്നു. |
| (ബി) ഇപ്പോൾ എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കിയിട്ടുള്ളത്; പൂർത്തീകരിച്ച ബ്ലോക്ക് ഓഫീസുകൾ പ്രവർത്തിക്കുന്നതിനായി വിട്ടു കൊടുക്കാൻ കഴിയും വിധം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇനി എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; എത്ര ദിവസം കൊണ്ട് ഇവ പൂർത്തീകരിച്ച് കെട്ടിടം തുറന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) രണ്ടു ബ്ലോക്കുകൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ബ്ലോക്ക് രണ്ടിന്റെ മൊത്തം പണികളും (4 നിലയും ഇലക്ട്രിഫിക്കേഷനും) ബ്ലോക്ക് I ന്റെ ഒരു നിലയും ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലോക്ക് I ന്റെ ബാക്കി 4 നിലയും സ്റ്റെയർ റൂമും ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു. പൂർത്തീകരിച്ച ബ്ലോക്കിന്റെ പ്രവർത്തനം ഫയർ & റെസ്ക്യൂ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും എൻ.ഒ.സി. ലഭിച്ചാൽ ആരംഭിക്കാവുന്നതാണ്. 2017 മേയ് 15 നുള്ളിൽ ആയത് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**